ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** | **പ്രധാനവാർത്തകൾ** | **DATE:14.11.2024**

1. ഡൊമിനിക്കയുടെ പരമോന്നത ദേശീയ ബഹുമതി പ്രധാനമന്ത്രി നരേന്ദ്രമോദിക്ക്. കോവിഡ് മഹാമാരിയെ നേരിടുന്നതിൽ നൽകിയ പിന്തുണയ്ക്കാണ് പുരസ്കാരം.

2. ജൻജാതീയ ഗൗരവ് ദിവസ് ആഘോഷങ്ങൾക്ക് പ്രധാനമന്ത്രി നാളെ ബിഹാറിൽ തുടക്കം കുറിക്കും. സംസ്ഥാനതല ആഘോഷ പരിപാടിയിൽ കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ പങ്കെടുക്കും.

3. സഹകരണ മേഖലയിൽ നിക്ഷേപിച്ച ആരുടെയും പണം നഷ്ടപ്പെടില്ലെന്ന് സർക്കാർ ഉറപ്പ് നൽകുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ.

4. പാലക്കാട് നിയമസഭാ ഉപതെരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമാക്കി രാഷ്ട്രീയ പാർട്ടികൾ. കേരളത്തിലെ 31 തദ്ദേശ വാർഡുകളിലെ ഉപതിരഞ്ഞെടുപ്പ് ഡിസംബർ 10 ന്.

5. വഖഫ് വിഷയത്തിൽ നീതി നിഷേധിക്കപ്പെടുന്നവർക്ക് ഒപ്പമാണ് കേന്ദ്ര സർക്കാർ എന്ന് കേന്ദ്ര സഹമന്ത്രി ശോഭ കരന്തലാജെ.

RNU TVM

## 6. മണ്ഡല മകരവിളക്ക് മഹോത്സവത്തിനായി ശബരിമല ക്ഷേത്ര നട നാളെ തുറക്കും.

**************************************

ഹെഡ്‌ലൈൻ-1

### ഡോമിനിക്ക - പ്രധാനമന്ത്രി

ഡൊമിനിക്കയുടെ പരമോന്നത ദേശിയ ബഹുമതി പ്രധാനമന്ത്രി നരേന്ദ്രമോദിക്ക്. കോവിഡ് മഹാമാരിയെ നേരിടുന്നതിൽ ഡൊമിനിക്കയ്ക്ക് നൽകിയ സഹായങ്ങളും, ഇരു രാജ്യങ്ങളും തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്താൻ സ്വീകരിച്ച നടപടികളും കണക്കിലെടുത്താണ് പുരസ്കാരം. ഗയാനയിലെ ജോർജ് ടൗണിൽ ഈ മാസം 19 മുതൽ 21 വരെ നടക്കുന്ന ഇന്ത്യ-കാരികോം ഉച്ചകോടിയിൽ ഡൊമിനിക്കൻ പ്രസിഡൻറ് സിൽവാനി ബർട്ടൺ പുരസ്കാരം സമ്മാനിക്കും. കോവിഡ് മഹാമാരിയെ നേരിടാൻ 70,000 ഡോസ് വാക്സിൻ ഇന്ത്യ 2021 ൽ ഡൊമിനിക്കയ്ക്ക് എത്തിച്ചു നൽകിയിരുന്നു.

**************************************

RNU TVPM

ഹെഡ്‌ലൈൻ-2

### ജൻ ജാതീയ ദിവസ്-പ്രധാനമന്ത്രി

ജൻജാതീയ ഗൗരവ് ദിവസ് ആഘോഷങ്ങൾക്ക് പ്രധാനമന്ത്രി നാളെ ബിഹാറിൽ തുടക്കം കുറിക്കും. ഗോത്ര വിഭാഗത്തിൽ നിന്നുള്ള സ്വാതന്ത്രസമര നായകൻ ഭഗവാൻ ബിർസ മുണ്ടയുടെ ജന്മ വാർഷിക ദിനമാണ് രാജ്യം ജൻജാതീയ ഗൗരവ് ദിവസായി ആഘോഷിക്കുന്നത്. ഗോത്രവർഗ ഉന്നമനത്തിനായുള്ള 6,640 കോടി രൂപയുടെ വികസന പദ്ധതികൾക്കും ശ്രീ.മോദി ചടങ്ങിൽ തുടക്കം കുറിക്കും. രാജ്യത്തുടനീളമുള്ള 100 ജില്ലകളിലെ ജനങ്ങളുമായി പ്രധാനമന്ത്രി സംവദിക്കും. സംസ്ഥാനതല ആഘോഷങ്ങളുടെ ഭാഗമായി കുമളി മണ്ണക്കുടി കമ്മ്യൂണിറ്റി ഹാളിലും,

കാസർകോട് മാവിനക്കട്ട ഗ്രാമത്തിലും സംഘടിപ്പിക്കുന്ന പരിപാടിയിൽ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ മുഖ്യാതിഥിയാകും. ധർത്തി ആബാ ജനജാതീയ ഗ്രാം ഉത്കർഷ് അഭിയാൻ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനവും പ്രധാനമന്ത്രി ഓൺലൈനായി നിർവഹിക്കും. കേരളത്തിൽ വയനാട്, പാലക്കാട്, കാസർഗോഡ്, ഇടുക്കി എന്നീ ജില്ലകളാണ് പദ്ധതിയിലുൾപ്പെടുന്നത്.
****************************************

ഹെഡ്ലൈൻ-3

## സഹകരണ വാരാഘോഷം- മുഖ്യമന്ത്രി (ഇൻട്രോ)

സഹകരണ മേഖലയിൽ നിക്ഷേപിച്ചവരുടെ പണം സുരക്ഷിതമാണെന്നും, ആരുടെയും പണം നഷ്ടപ്പെടില്ലെന്ന് സർക്കാർ ഉറപ്പ് നൽകുന്നതായും മുഖ്യമന്ത്രി പിണറായി വിജയൻ. ചില ക്രമക്കേടുകൾ പെരുപ്പിച്ച് കാണിച്ചുള്ള ചിത്രീകരണം ബോധപൂർവം സഹകരണ മേഖലയെ താഴ്ത്തിക്കെട്ടാനാണെന്നും അദ്ദേഹം വിമർശിച്ചു. 71ാമത് അഖിലേന്ത്യാ സഹകരണ വാരാഘോഷം കൊച്ചിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. സഹകരണമേഖലയെ തകർക്കാൻ വഴിവിട്ട നീക്കങ്ങൾ ഉണ്ടായാൽ കർശന നടപടി ഉണ്ടാകുമെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി.

(ഹോൾഡ്)

****************************************

ഹെഡ്ലൈൻ-4

## പാലക്കാട് - പ്രചാരണം

പാലക്കാട് നിയമസഭാ ഉപതെരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുന്നു. യുഡിഎഫ് സ്ഥാനാർത്ഥി

രാഹുൽ മാങ്കൂട്ടത്തിൽ ഇന്ന് പിരായിരിയിലും, കൽപ്പാത്തിയിലും വോട്ട് തേടി. എൽ. ഡി. എഫ് സ്ഥാനാർഥി പി. സരിൻ ഇന്ന് കല്പാത്തിയിൽ നിന്നാണ് പ്രചാരണം ആരംഭിച്ചത്. എൻ. ഡി. എ സ്ഥാനാർഥി സി. കൃഷ്ണകുമാർ ഇന്ന് പാലക്കാട്, പിരായിരി പ്രദേശങ്ങളിൽ വോട്ടർമാരെ കണ്ടു. ഈ മാസം 20 നാണ് പാലക്കാട് വോട്ടെടുപ്പ്. നിയോജക മണ്ഡലത്തിലെ എല്ലാ സ്ഥാപനങ്ങൾക്കും 20 ന് അവധി പ്രഖ്യാപിച്ചിട്ടുണ്ട്. വയനാട്, പാലക്കാട്, ചേലക്കര ഉപതിരഞ്ഞെടുപ്പുകളുടെ വോട്ടെണ്ണൽ ഈ മാസം 23 ന് നടക്കും.

****************************************

ഹെഡ്‌ലൈൻ-4എ

**തദ്ദേശ വാർഡ് - ഉപതിരഞ്ഞെടുപ്പ്**

കേരളത്തിലെ 31 തദ്ദേശ വാർഡുകളിലെ ഉപതിരഞ്ഞെടുപ്പ് ഡിസംബർ 10 ന് നടക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ. മലപ്പുറം ജില്ലാ പഞ്ചായത്തിലെ തൃക്കലങ്ങോട് വാർഡ് ഉൾപ്പെടെ പതിനൊന്ന് ജില്ലകളിലായി നാല് ബ്ലോക്ക്പഞ്ചായത്ത് വാർഡുകൾ, മൂന്ന് മുനിസിപ്പാലിറ്റി വാർഡുകൾ, 23 ഗ്രാമപഞ്ചായത്ത് വാർഡുകൾ എന്നിവിടങ്ങളിലാണ് ഉപതിരഞ്ഞെടുപ്പ്. തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം നാളെ പുറപ്പെടുവിക്കും. നാമനിർദേശ പത്രിക ഈ മാസം 22 വരെ സമർപ്പിക്കാം. വോട്ടെണ്ണൽ ഡിസംബർ 11 നാണ്. ഉപതിരഞ്ഞെടുപ്പ് നടക്കുന്ന മുനിസിപ്പാലിറ്റികളിൽ അതാത് വാർഡുകളിലും ഗ്രാമപഞ്ചായത്തുകളിൽ മുഴുവൻ പ്രദേശത്തും മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വന്നു.

****************************************

ഹെഡ്‌ലൈൻ-5

**കരന്തലാജെ - വഖഫ്**

വഖഫ് വിഷയത്തിൽ നീതി നിഷേധിക്കപ്പെടുന്നവർക്ക് ഒപ്പമാണ് കേന്ദ്ര സർക്കാർ എന്ന് കേന്ദ്ര സഹമന്ത്രി ശോഭ

RNU TVPM

കരന്തലാജെ. എറണാകുളം ജില്ലയിലെ മുനമ്പത്ത് ഭൂസംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ നടന്നു വരുന്ന റിലെ നിരാഹാര സമരത്തിൽ പങ്കെടുക്കുന്നവർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. ഏകദിന സന്ദർശത്തിനായി കൊച്ചിയിലെത്തിയ കേന്ദ്രമന്ത്രി കയർ ബോർഡ് ഓഫിസ് സന്ദർശിച്ച് ഉദ്യോഗസ്ഥരുമായി അവലോകന യോഗം ചേർന്നു. തുടർന്ന് പാതാളത്തെ ഇ.എസ്.ഐ.സി ആശുപത്രി സന്ദർശിച്ച് ജീവനക്കാരുമായും രോഗികളുമായും മന്ത്രി സംവദിച്ചു.
****************************************

ഹെഡ്‌ലൈൻ-6

## ശബരിമല

മണ്ഡല മകരവിളക്ക് മഹോത്സവത്തിനായി ശബരിമല ക്ഷേത്ര നട നാളെ തുറക്കും. വൈകിട്ട് അഞ്ചിന് പി എൻ മഹേഷ് നമ്പൂതിരി നട തുറന്ന് ദീപം തെളിയിക്കും. പുതിയ ശബരിമല, മാളികപ്പുറം മേൽശാന്തിമാർ നാളെ ചുമതലയേൽക്കും. നാളെ ഉച്ചയ്ക്ക് ഒരു മണി മുതൽ പമ്പയിൽ നിന്ന് സന്നിധാനത്തേയ്ക്ക് ഭക്തജനങ്ങൾക്ക് പ്രവേശനം അനുവദിക്കും. വൃശ്ചിക മാസം ഒന്നിന് പുലർച്ചെ മൂന്നു മണിക്കാണ് നട തുറക്കുക. തീർഥാടകരെ വരവേൽക്കാൻ തിരുവിതാംകൂർ ദേവസ്വം ബോർഡും സംസ്ഥാന സർക്കാരും ചേർന്ന് എല്ലാ ഒരുക്കങ്ങളും പൂർത്തിയാക്കിയിട്ടുണ്ട്.
****************************************

## മകരവിളക്ക്-ആരോഗ്യവകുപ്പ് (ഇൻട്രോ)

മണ്ഡല മകരവിളക്ക് തീർത്ഥാടനവുമായി ബന്ധപ്പെട്ട് എല്ലാ വകുപ്പുകളുടെയും പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയായതായി ആരോഗ്യ മന്ത്രി വീണാ ജോർജ്, പത്തനംതിട്ട കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന

RNU TVPM

യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ....**

(വോയിസ്)

***************************************

## ശബരിമല സ്പെഷ്യൽ ട്രെയിൻ

ശബരിമല തീർത്ഥാടനം സുഗമമാക്കുന്നതിനായി 26 സ്പെഷ്യൽ ട്രെയിനുകളുടെ സർവീസ് ഒരുക്കി സൗത്ത് -സെൻട്രൽ റെയിൽവേ. ദക്ഷിണ റെയിൽവേ പ്രേത്യേക ശബരി ട്രെയിനുകളുടെ സർവീസും സജ്ജമാക്കിയിട്ടുണ്ട്. യാത്രക്കാർ ഷെഡ്യൂളുകൾ പരിശോധിച്ച് മുൻകൂട്ടി ബുക്കിംഗ് നടത്തണമെന്ന് റെയിൽവേ അറിയിച്ചു.

***************************************

RHU TVPM

## വെട്ടുകാട് തിരുനാൾ

വെട്ടുകാട് മാദ്രെ ദേവൂസ് ദേവാലയത്തിലെ തിരുനാൾ പ്രമാണിച്ച് തിരുവനന്തപുരം, നെയ്യാറ്റിൻകര താലൂക്കുകളിൽ നാളെ ഉച്ചയ്ക്ക് ശേഷം പ്രാദേശിക അവധി പ്രഖ്യാപിച്ച് ജില്ലാ കളക്ടർ. എല്ലാ സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധി ബാധകമാണ്. മുൻപ് നെയ്യാറ്റിൻകര താലൂക്കിൽ ഉൾപ്പെട്ടിരുന്നതും ഇപ്പോൾ കാട്ടാക്കട താലൂക്കിൽ ഉള്ളതുമായ വില്ലേജുകളിലെ സ്ഥാപനങ്ങൾക്കും അവധി നൽകിയിട്ടുണ്ട്. മുൻ നിശ്ചയിച്ച പ്രകാരമുള്ള പൊതുപരീക്ഷകൾക്ക് മാറ്റമുണ്ടായിരിക്കുന്നതല്ല.

***************************************

## ശിശു ദിനം- ആരോഗ്യമന്ത്രി

ശിശു ദിനത്തോടനുബന്ധിച്ച് കേരള സെക്രട്ടറിയേറ്റ് വിമൺ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന

ശിശു വിഹാറിലെ കുട്ടികളും അധ്യാപകരും കമ്മിറ്റിയംഗങ്ങളും ആരോഗ്യ മന്ത്രി വീണാ ജോർജിനെ സന്ദർശിച്ചു. ഓഫീസിലെത്തിയ കുട്ടികൾക്ക് മന്ത്രി ശിശുദിന ആശംസകൾ നേർന്നു.

****************************************

## ജൽശക്തി അഭിയാൻ

ജൽശക്തി അഭിയാൻ പദ്ധതികൾ അവലോകനം ചെയ്യുന്നതിനായി കേന്ദ്രസംഘം മലപ്പുറം ജില്ലയിൽ സന്ദർശനം തുടങ്ങി. ജില്ലാ കലക്ടർ വി.ആർ വിനോദിൻറെ അധ്യക്ഷതയിൽ കലക്ടറേറ്റിൽ ചേർന്ന യോഗത്തിൽ ജൽശക്തി അഭിയാനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പുരോഗതി സംഘം വിലയിരുത്തി.

****************************************

## പ്രതിരോധ സ്റ്റാൻഡിംഗ് കമ്മിറ്റി

ലോക്സഭാംഗം ശ്രീ രാധാ മോഹൻ സിംഗ് അധ്യക്ഷനായ പ്രതിരോധ സ്റ്റാൻഡിംഗ് കമ്മിറ്റി ഇന്ന് ദക്ഷിണ വ്യോമസേനാ ആസ്ഥാനം സന്ദർശിച്ചു. പതിനഞ്ച് അംഗ സമിതിയെ ദക്ഷിണ വ്യോമസേനാ മേധാവി എയർ മാർഷൽ ബി മണികണ്ഠൻ സ്വീകരിച്ചു. വ്യോമസേനാ ഉദ്യോഗസ്ഥരുമായി സമിതി അംഗങ്ങൾ ആശയവിനിമയം നടത്തി.

****************************************

## സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവം

ഈ വർഷത്തെ സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിന് നാളെ ആലപ്പുഴയിൽ തുടക്കമാകും. മുഖ്യമന്ത്രി പിണറായി വിജയൻ മേളയുടെ ഉദ്ഘാടനം നിർവ്വഹിക്കും. ഈ മാസം 18 വരെ നീളുന്ന മേളയിൽ, 80 ഓളം ഇനങ്ങളിലായി 5,000 ത്തോളം വിദ്യാർത്ഥികൾ പങ്കെടുക്കും.

****************************************

PNU TVPM

**മഴ**

സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം ഇടിമിന്നലോടു കൂടിയ നേരിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ തൃശൂർ, മലപ്പുറം, കണ്ണൂർ ഒഴികെ 11 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

*

**************

***************************************************************

RNU TVPM